# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1019** **06.06.2018 ലെ മറുപടി**

## തലസ്ഥാനത്തെ തോടുകളും ആറുകളും ശുചീകരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.എസ്.ശിവകുമാർ<br>,, കെ.മുരളീധരൻ<br>,, എം. വിൻസെന്റ്<br>,, കെ.എസ്.ശബരീനാഥൻ | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മുൻസർക്കാരിന്റെ കാലത്ത് വിജയകരമായി നടപ്പിലാക്കിയ ഓപ്പറേഷൻ അനന്തയുടെ ഭാഗമായി നടത്തിയിരുന്ന ശുചീകരണ പ്രവർത്തനങ്ങൾ നിലച്ചതോടു കൂടി തലസ്ഥാന നഗരിയിലെ തോടുകളും ആറുകളും മാലിന്യവാഹിനികളായി മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ആമയിഴഞ്ചാൻ തോട്, പട്ടംതോട്, ഉള്ളൂർതോട്, പാർവ്വതീ പുത്തനാർ തുടങ്ങിയവ ശുചീകരിക്കാത്തത് മൂലം മാലിന്യം പെരുകി പകർച്ചവ്യാധികൾ പകരുന്നതും ജനജീവിതം ദുസ്സഹമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) തലസ്ഥാന നഗരിയിലെ മിക്ക തോടുകളും നദികളും പല കാരണങ്ങളാൽ മലിനപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾ ഈ വർഷം നടത്താത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ;<br><br>(ഡി) സംസ്ഥാനത്ത് പകർച്ചവ്യാധികൾ പടരുന്ന ഗുരുതരമായ സ്ഥിതിവിശേഷം പരിഗണിച്ച് മേല്പറഞ്ഞ തോടുകൾ അടിയന്തരമായി ശുചീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) & (ഡി) തോടുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ് സാധാരണ നടക്കുന്നത്. പ്രത്യേക സ്കീമുകളിൽ ഫണ്ട് ലഭ്യമായാൽ ജലവിഭവ വകുപ്പ് തോടുകളുടെ നവീകരണ ജോലികൾ ഏറ്റെടുക്കുന്നതാണ്. ഹരിതകേരളമിഷന്റെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടെ പല തോടുകളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പാർവ്വതി പുത്തനാറിന്റെ വൃത്തിയാക്കൽ പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ കേരള വാട്ടർ വെയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KWIL) സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലാകളക്ടറുടെ നിർദ്ദേശപ്രകാരം ആമയിഴഞ്ചാൻ തോട്, പഴവങ്ങാടി തോട്, തെക്കനക്കര കനാൽ എന്നിങ്ങനെ തോടുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും ചെളിയും മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിന് എസ്റ്റിമേറ്റ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഉള്ളൂർതോടിന്റെ രണ്ട് പ്രവൃത്തികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ